ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1008

# സൂറ - 31 / ലുഖ്മാൻ

## സൂക്തം: 14

ഗർഭധാരണത്തിലൂടെയും ശിശുപരിപാലനത്തിലൂടെയും മാതാപിതാക്കളർപ്പിച്ച സേവനത്തിനുള്ള പ്രത്യുപകാരം, ഉപകാരസ്മരണ എന്ന മാനം മാത്രമല്ല മാതാപിതാക്കളോട് അനുശാസിക്കപ്പെട്ട നന്ദിക്കും കൂറിനുമുള്ളത്. സഹകരണവും സൗഹാർദവും പുലരുന്ന സാമൂഹിക ജീവിതത്തിന്റെ വിത്തു കൂടിയാണത്. മക്കളോട് മാതാപിതാക്കൾക്കുണ്ടാകുന്ന സ്നേഹവും പരിലാളനയും, മക്കൾക്ക് അവരോടുണ്ടാകുന്ന ആശ്രയവും കടപ്പാടും സ്നേഹവുമാണ് പരസ്പരബന്ധിതവും സഹകരണാത്മകവുമായ കുടുംബ വ്യവസ്ഥ സൃഷ്ടിക്കുന്നത്.

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا عَلَىٰ وَهْنٍ
وَفِصَالُهُ فِي عَامَيْنِ أَنِ اشْكُرْ لِي وَلِوَالِدَيْكَ إِلَيَّ الْمَصِيرُ
﴿١٤﴾

14. മാതാപിതാക്കളോടു കൂറുള്ളവനായിരിക്കണമെന്ന് നാം മനുഷ്യരോടനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് ക്ലേശത്തിനുമേൽ ക്ലേശമനുഭവിച്ചുകൊണ്ട് അവനെ ഗർഭം ചുമന്നു. രണ്ടാണ്ടുകാലം മുലയൂട്ടിയും കഴിയുന്നു. ആകയാൽ നീ എന്നോടു നന്ദിയുള്ളവനായിരിക്കണം, നിന്റെ മാതാപിതാക്കളോടും എന്നവനോടനുശാസിച്ചു. ഒടുവിൽ എല്ലാവരും എത്തിച്ചേരേണ്ടത് എന്നിലേക്കു തന്നെയാകുന്നു.

**14**

وَوَصَّيْنَا الْإِنسَانَ = മനുഷ്യനെ നാം ഉപദേശിച്ചു, അനുശാസിച്ചിരിക്കുന്നു

بِوَالِدَيْهِ = അവന്റെ മാതാപിതാക്കളെക്കൊണ്ട് (കളോടുള്ള കൂറുള്ളവനായിരിക്കണമെന്ന്)

حَمَلَتْهُ أُمُّهُ = അവന്റെ മാതാവ് അവനെ ഗർഭം ചുമന്ന്

وَهْنًا عَلَىٰ وَهْنٍ = അവശതക്കുമേൽ അവശത, ക്ലേശത്തിനുമേൽ ക്ലേശത്തോടെ (ക്ലേശമനുഭവിച്ചുകൊണ്ട്)

وَفِصَالُهُ = അവന്റെ മുലകുടി മാറ്റൽ (മുലയൂട്ടിയും കഴിയുന്നു) فِي عَامَيْنِ = രണ്ടാണ്ടിൽ(ണ്ട് കഴിയുന്നു) ആകുന്നു

أَنِ اشْكُرْ لِي = ആകയാൽ നീ എന്നോട് നന്ദിയുള്ളവനായിരിക്കണം

وَلِوَالِدَيْكَ = നിന്റെ മാതാപിതാക്കളോടും (എന്നവനോടനുശാസിച്ചു)

إِلَيَّ الْمَصِيرُ = (എല്ലാവരും) എത്തിച്ചേരൽ(രേണ്ടത്) എന്നിലേക്കു തന്നെയാകുന്നു

ഈ സൂക്തവും അടുത്ത സൂക്തവും മുകളിൽ ഉദ്ധരിച്ച ലുഖ്മാന്റെ ഉപദേശത്തിനനുബന്ധമായി അല്ലാഹു നേരിട്ട് അരുളുന്നതായിട്ടാണ് മുഫസ്സിറുകൾ പൊതുവിൽ കരുതുന്നത്. ചിലരുടെ നോട്ടത്തിൽ മുൻ സൂക്തത്തിലെ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ എന്ന വാക്യവും ഈ അനുബന്ധത്തിൽപെട്ടതാകുന്നു. സ്രഷ്ടാവായ അല്ലാഹുവിനു ശേഷം മനുഷ്യന്റെ നന്ദിക്കും കൂറിനും ഏറ്റവുമധികം അവകാശമുള്ളത് അവന്റെ മാതാപിതാക്കൾക്കാണ്. അവരാണ് അവന്റെ അസ്തിത്വത്തിന് നേരിട്ടുള്ള കാരണം. അവരുടെ സനേഹവാത്സല്യങ്ങളിലും പരിലാളനത്തിലുമാണ് അവൻ വളർന്നു വലുതായത്. തിര്യക്കുകളെപ്പോലെ ജനിച്ച് ദിവസങ്ങൾക്കകം സ്വയം ഇരതേടി ജീവിക്കാൻ കഴിയുന്ന ജീവിയല്ല മനുഷ്യൻ. മാതാവ് ക്ലേശത്തോടു ക്ലേശം സഹിച്ചുകൊണ്ട് പത്തു മാസക്കാലത്തോളം ഗർഭം ചുമക്കണം. അതിനു ശേഷം കൊടിയ വേദന സഹിച്ചാണ്

പ്രസവിക്കുന്നത്. പിന്നെ രണ്ടു കൊല്ലക്കാലം മുലയൂട്ടണം. അതുകഴിഞ്ഞാൽ ബുദ്ധിയുറക്കുന്ന പ്രായം വരെ അവനെ നിതാന്ത ശ്രദ്ധയോടെ പരിചരിച്ചു വളർത്തണം. അല്ലാഹുവിനു ശേഷം മനുഷ്യജീവിതത്തെ ഇത്രയേറെ സേവിക്കുന്നവർ മാതാപിതാക്കളല്ലാതെ മറ്റാരുമില്ല. അതുകൊണ്ട് ഖുർആൻ അല്ലാഹുവിനോടുള്ള നന്ദി അനുശാസിച്ച ഉടനെ മാതാപിതാക്കളോടുള്ള നന്ദിയും അനുശാസിക്കുന്നു. ഈ ഒരിടത്ത് മാത്രമല്ല, ഖുർആൻ അനേകം സ്ഥലങ്ങളിൽ ഇതാവർത്തിച്ചിരിക്കുന്നു. 2:83-ൽ പ്രസ്താവിച്ചു: وَإِذْ أَخَذْنَا مِيثَاقَ بَنِي إِسْرَائِيلَ لَا تَعْبُدُونَ إِلَّا اللَّهَ وَبِالْوَالِدَيْنِ إِحْسَانًا (അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണമെന്നും ഇസ്രാഈൽ വംശത്തോട് നാം കരാറു വാങ്ങിയത് ഓർക്കുക). 4:36-ൽ പറഞ്ഞു: وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا ۖ وَبِالْوَالِدَيْنِ إِحْسَانًا(അല്ലാഹുവിനു വഴിപ്പെട്ട് വാഴുവിൻ. യാതൊന്നിനെയും അവന്റെ പങ്കാളിയാക്കാതിരിക്കുവിൻ. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുവിൻ).

6:151-ൽ പറയുന്നു:

قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ ۖ أَلَّا تُشْرِكُوا بِهِ شَيْئًا ۖ وَبِالْوَالِدَيْنِ إِحْسَانًا ۖ (പ്രവാചകൻ അവരോട് പറയുക. വരുവിൻ, നിങ്ങളുടെ വിധാതാവ് നിങ്ങളിൽ ചുമത്തിയ ഉത്തരവാദിത്തങ്ങൾ ഞാൻ ഓതിക്കേൾപ്പിക്കാം. ഒന്നിനെയും അവന്റെ പങ്കാളിയാക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുക). 17:23-ൽ പറയുന്നു: وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا ۚ(നിന്റെ നാഥൻ വിധിച്ചിരിക്കുന്നു: അല്ലാഹുവിനല്ലാതെ മറ്റാർക്കും ഇബാദത്തു ചെയ്യരുത് മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കേണം). 46:15-ൽ പറയുന്നു:

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ إِحْسَانًا ۖ حَمَلَتْهُ أُمُّهُ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُ وَفِصَالُهُ ثَلَاثُونَ شَهْرًا ۚ

(നാം മനുഷ്യനോട് അനുശാസിച്ചു: മാതാപിതാക്കളോട് നന്മയോടെ വർത്തിക്കണം. മാതാവ് ക്ലേശത്തോടെ അവനെ വഹിച്ചു. ക്ലേശത്തോടെ പ്രസവിച്ചു. ഗർഭവും മുലകുടിയുമായി 30 മാസങ്ങൾ കഴിച്ചുകൂട്ടി). 29:8-ൽ പറഞ്ഞു: وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حُسْنًا ۖ (മാതാപിതാക്കളോട് നന്മയോടെ വർത്തിക്കാൻ നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു). ഇതിൽ 46:15-ൽ ഒഴിച്ചുള്ള എല്ലാ സൂക്തങ്ങളിലും ശിർക്ക്നിഷേധത്തോട് ബന്ധിപ്പിച്ചുകൊണ്ടാണ് മാതാപിതാക്കളോടുള്ള കൂറ് അനുശാസിക്കുന്നത്. ഇസ്‌ലാമിൽ തൗഹീദിന്റെ തൊട്ടടുത്തു നിൽക്കുന്ന അടിസ്ഥാന മൂല്യമാകുന്നു മാതാപിതാക്കളോടുള്ള നന്ദിയും കൂറും എന്നത്രെ ഇത് സൂചിപ്പിക്കുന്നത്.

ഗർഭധാരണത്തിലൂടെയും ശിശുപരിപാലനത്തിലൂടെയും മാതാപിതാക്കളർപ്പിച്ച സേവനത്തിനുള്ള പ്രത്യുപകാരം, ഉപകാരസ്മരണ എന്ന മാനം മാത്രമല്ല മാതാപിതാക്കളോട് അനുശാസിക്കപ്പെട്ട നന്ദിക്കും കൂറിനുമുള്ളത്. സഹകരണവും സൗഹാർദവും പുലരുന്ന സാമൂഹിക ജീവിതത്തിന്റെ വിത്തു കൂടിയാണത്. മക്കളോട് മാതാപിതാക്കൾക്കുണ്ടാകുന്ന സ്നേഹവും പരിലാളനയും, മക്കൾക്ക് അവരോടുണ്ടാകുന്ന ആശ്രയവും കടപ്പാടും സ്നേഹവുമാണ് പരസ്പരബന്ധിതവും സഹകരണാത്മകവുമായ കുടുംബ വ്യവസ്ഥ സൃഷ്ടിക്കുന്നത്. കുടുംബവ്യവസ്ഥയുടെ വികാസമാണ് സാമൂഹിക വ്യവസ്ഥ. അതിൽനിന്നാണ് മാനുഷിക സംസ്കാരവും നാഗരികതയും പുഷ്കലമാകുന്നത്. ഈ വിധത്തിലുള്ള കുടുംബം സൃഷ്ടിക്കപ്പെടുന്നതിനു വേണ്ടിയാണ് അല്ലാഹു നവജാത മനുഷ്യമക്കൾക്ക് തിര്യക്കുകളുടേതിൽനിന്ന് ഭിന്നമായ ശൈശവപ്രകൃതിയും മാതാപിതാക്കൾക്ക് സവിശേഷമായ വാത്സല്യവും സ്നേഹകാരുണ്യവും നൽകിയത്. ഈ പ്രകൃതിഘടനയിൽ മക്കൾക്കു വേണ്ടി ഏറെ ക്ലേശമനുഭവിക്കേണ്ടിവരുന്നത് മാതാക്കളാണ്. ബുദ്ധിയുറച്ച ശേഷമാണ് മാതാപിതാക്കളെ മക്കൾ മനസ്സിലാക്കുന്നത്. ഭക്ഷണം സമ്പാദിക്കുന്നതും വസ്ത്രങ്ങൾ നൽകുന്നതും മറ്റാവശ്യങ്ങൾ നിവൃത്തിച്ചുതരുന്നതും പിതാവാണ്. പിതാവ് കൊണ്ടുവന്ന വിഭവങ്ങൾ മാതാവ് പാകം ചെയ്തുകൊടുക്കുന്നു. ശരീരവും വസ്ത്രവും വൃത്തിയാക്കുന്നു. പാഠങ്ങൾ പറഞ്ഞുകൊടുക്കുന്നു. അവന്റെ ദൃഷ്ടിയിൽ രണ്ടു പേരും തന്നെ സ്നേഹിക്കുന്നു, സേവിക്കുന്നു. മാതാവ് പത്തു മാസക്കാലം തന്നെ സ്വന്തം ഉദരത്തിൽ ക്ലേശത്തോടെ പേറിനടന്നത് അവർ അറിഞ്ഞിട്ടേയില്ല. പ്രസവിക്കുമ്പോൾ അവൾ സഹിച്ച വേദനയും അവനജ്ഞാതമാണ്. രണ്ടു വർഷക്കാലം മുലയൂട്ടി വളർത്തിയതും അവന് ഓർമയുറക്കുന്നതിനു മുമ്പാണ്. ഖുർആൻ ഈ സംഭവങ്ങൾ മനുഷ്യനെ പ്രത്യേകം ഓർമിപ്പിക്കുകയാണ്. പിതാക്കളെ അപേക്ഷിച്ച് മക്കളുടെ കടപ്പാടും നന്ദിയും കൂടുതൽ അർഹിക്കുന്നവരാണ് മാതാക്കൾ എന്ന സൂചനയും അതിലുണ്ട്. പ്രബലമായ ഒരു ഹദീസ് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ഒരിക്കൽ ഒരാൾ നബി(സ)യോട് ചോദിച്ചു: 'ഞാൻ ഏറെ നന്മ ചെയ്യേണ്ടത് ആർക്കാണ്?' നബി പറഞ്ഞു: 'നിന്റെ മാതാവിന്.' ആഗതൻ പിന്നെയും ചോദിച്ചു: 'പിന്നെ ആർക്കാണ്?' നബി (സ) പറഞ്ഞു: 'പിന്നെയും നിന്റെ മാതാവിന്.' അയാൾ വീണ്ടും ചോദിച്ചു: 'പിന്നെ ആർക്കാണ്?' നബി(സ): 'പിന്നെയും നിന്റെ മാതാവിന്.' അയാൾ നാലാമതും ചോദിച്ചു: 'പിന്നെ ആർക്കാണ്?' നബി (സ) പറഞ്ഞു: 'പിന്നെ നിന്റെ പിതാവിന്.'

മാതാപിതാക്കളോടുള്ള നന്ദിയുടെയും നന്മയുടെയും നാലിൽ മൂന്നു ഭാഗവും മാതാവിനു വിധിച്ചിരിക്കുകയാണ് പ്രവാചകൻ(സ). പൂർവസൂരികൾ ഈ ഹദീസിനെ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു: മാതാവിനും പിതാവിനും ഖുർആൻ വിധിച്ചിരിക്കുന്നത് തുല്യ അവകാശമാണ്. നബി പിന്നെയും മാതാവിന് എന്നു പറഞ്ഞത് ഒന്നാമതായും രണ്ടാമതായും മൂന്നാമതായും മാതാവിനെ പരിഗണിച്ച ശേഷം നാലാമതായിട്ടേ പിതാവിനെ പരിഗണിക്കേണ്ടതുള്ളൂ എന്ന അർഥത്തിലല്ല. മാതാവിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണം എന്ന അർഥത്തിലാണ്. പുരുഷനായ പിതാവിന് മക്കളിൽ ആജ്ഞാശക്തിയും നിയന്ത്രണാധികാരവും പ്രയോഗിക്കാൻ കഴിയും. അത് ഉപയോഗിച്ച് അയാൾക്ക് മക്കളിൽനിന്ന് തന്റെ അവകാശങ്ങൾ വകവെച്ചു വാങ്ങാനുമാകും. മൃദുലയും സൗമ്യയുമായ മാതാവിന് പ്രകൃത്യാ പിതാവിനെപ്പോലെ മക്കളെ നിലക്ക് നിർത്താനും അവകാശങ്ങൾ പിടിച്ചുവാങ്ങാനും കഴിയില്ല. അതുകൊണ്ട് അവരുടെ കാര്യത്തിൽ മക്കൾ സ്വയം തന്നെ കൂടുതൽ ജാഗ്രതയും കനിവും കാരുണ്യവുമുള്ളവരായിരിക്കണം.

ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: നാലു കാര്യത്തിന്റെ പേരിലാണ് മക്കൾക്ക് മാതാപിതാക്കളോട് കടപ്പാടുണ്ടാകുന്നത്. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ, സംരക്ഷണം. ഇതിൽ ആദ്യത്തെ മൂന്നും മാതാവിന്റെ വകയാണ്. സംരക്ഷണമാണ് പിതാവിന്റേത്. അതുകൊണ്ട് ഒന്നും രണ്ടും മൂന്നും സ്ഥാനം മാതാവിനും നാലാം സ്ഥാനം പിതാവിനും വിധിച്ചിരിക്കുന്നു. ഭൂരിപക്ഷം പണ്ഡിതന്മാരും ഈ വിവേചനം അംഗീകരിക്കുന്നില്ല. ഇമാം ശാഫിഈയെപ്പോലുള്ള

ചിലർ പിതാവിനും ഇമാം ലൈസ് മാതാവിനും മുൻഗണന നൽകിയിരിക്കുന്നു. ഒരാൾ ഇമാം മാലിക്കിന്റെ അടുത്തുവന്ന് ചോദിച്ചു: 'സുഡാനിലുള്ള പിതാവ് ഞാൻ അങ്ങോട്ടു ചെല്ലണമെന്നാവശ്യപ്പെട്ടുകൊണ്ട് എഴുത്തയച്ചിരിക്കുന്നു. മാതാവ് എന്നെ പോകാൻ അനുവദിക്കുന്നില്ല. ഞാനെന്തു ചെയ്യണം?' ഇമാം മാലികിന്റെ മറുപടി ഇപ്രകാരമായിരുന്നു: 'നീ നിന്റെ പിതാവിനെ അനുസരിക്കണം; മാതാവിനെ ധിക്കരിക്കാതെ.'

فَصْل (വേർപാട്, പിരിവ്)-യിൽനിന്നുള്ളതാണ് فِصَال കുട്ടി മാതാവിൽനിന്ന് വേർപ്പെടുന്നതിനാൽ മുലകുടി നിർത്തുക എന്ന അർഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്. മുലകുടി മാറ്റുന്നതിന് فِطَام എന്നും പറയും. രണ്ടു വർഷക്കാലം കുട്ടിയുടെ മുഖ്യാഹാരം മാതൃരക്തത്തിൽനിന്നുൽപാദിതമാകുന്ന പാലാണ്. പ്രായപൂർത്തിയായ സ്ത്രീശരീരം കുട്ടിക്കു വേണ്ടി പ്രത്യേകം രക്തം ഉൽപാദിപ്പിച്ചുകൊണ്ടിരിക്കും. ഗർഭം ധരിക്കാതിരിക്കുമ്പോൾ ഈ രക്തം ആർത്തവമായി പുറംതള്ളപ്പെടുന്നു. ഗർഭിണിയായാൽ പ്രസവം വരെ സ്ത്രീകൾക്ക് ആർത്തവമുണ്ടാവില്ല. ഋതുരക്തം ഭ്രൂണത്തിന്റെ ആഹാരമായി മാറ്റപ്പെടുന്നു. അതായത് മാതാവ് കഴിക്കുന്ന ആഹാരത്തിൽനിന്നല്ല കുട്ടി ആഹരിക്കുന്നത്. അവൾ പുറംതള്ളിയിരുന്ന അധിക രക്തത്തിൽനിന്നാണ് കുട്ടിയുടെ ആഹാരമുണ്ടാകുന്നത്. ഈ പ്രതിഭാസം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന് ഉദാഹരണമാകുന്നു.

ശർഇയായ മുലകുടികാലം രണ്ടു വർഷമാണെന്ന് ഈ സൂക്തത്തിൽനിന്ന് മനസ്സിലാക്കാം. *അൽബഖറ* 233-ാം സൂക്തം وَالْوَالِدَاتُ يُرْضِعْنَ أَوْلَادَهُنَّ حَوْلَيْنِ كَامِلَيْنِ لِمَنْ أَرَادَ أَن يُتِمَّ الرَّضَاعَةَ (കുട്ടികളുടെ മുലകുടി പൂർണമാകണമെന്ന് പിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ മാതാക്കൾ അവരുടെ മക്കളെ രണ്ടു വർഷം മുഴുവൻ മുലയൂട്ടേണ്ടതാകുന്നു) എന്നും 46:15-ൽ وَحَمْلُهُ وَفِصَالُهُ ثَلَاثُونَ شَهْرًا (അതിന്റെ ഗർഭവും മുലകുടിയുമായി 30 മാസം) എന്നും പ്രസ്താവിച്ചിരിക്കുന്നു. ഗർഭവും മുലകുടിയുമായി 30 മാസം എന്നു പറഞ്ഞിൽനിന്ന് ചുരുങ്ങിയ ഗർഭകാലം 6 മാസമാകുന്നു എന്ന് ഫുഖഹാക്കൾ നിർധാരണം ചെയ്തിരിക്കുന്നു. മുലകുടികാലം രണ്ടു വർഷമാണെന്ന് ഖുർആൻ രണ്ടു വട്ടം പറഞ്ഞിരിക്കുന്നു. ഗർഭകാലം വ്യക്തമായി പറഞ്ഞിട്ടില്ല. ഒരിടത്ത് ഗർഭകാലവും മുലകുടി കാലവും ചേർത്ത് 30 മാസം എന്നും പറഞ്ഞിട്ടുണ്ട്. അതിൽനിന്ന് നിർണിതമായ മുലകുടികാലം കഴിച്ചാൽ ബാക്കി 6 മാസം. അതിനാൽ സംഗമം നടന്ന് ആറു മാസത്തിനു ശേഷം ഭാര്യ പ്രസവിക്കുന്ന ശിശുവിന്റെ ശർഇയായ പിതാവ് ഭർത്താവ് തന്നെയായിരിക്കും.

നവജാത ശിശുക്കളുടെ മുലകുടി പൂർണമാകുന്നത് രണ്ടു വർഷം കൊണ്ടാണ്. അത്രയും കാലം മുലയൂട്ടാൻ മാതാക്കൾക്ക് ബാധ്യതയുണ്ട്. ന്യായമായ കാരണമുണ്ടെങ്കിൽ രണ്ടുവർഷം തികയുന്നതിനു മുമ്പേ മുലകുടി നിർത്താം. ആഗ്രഹിക്കുന്നുവെങ്കിൽ രണ്ടു വർഷം തികഞ്ഞ ശേഷവും മുലയൂട്ടൽ തുടരാവുന്നതാണ്. ഇതു സംബന്ധിച്ച നിയമങ്ങൾ *ഖുർആൻ ബോധനം അൽബഖറ* 233-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ●